മുദ്രകൾ

# പന്നിപ്പനിയും സയ്യിദ് ഖുത്ബിന്റെ ദീർഘദർശനവും

**പക്ഷിപ്പനി** കോലാഹലം ഒന്ന് അടങ്ങിയതേയുള്ളൂ; അപ്പോഴേക്കിതാ പന്നിപ്പനി! മെക്സിക്കോയും അമേരിക്കയും പന്നിപ്പനി പിടിച്ചല്ല, പന്നിപ്പനി പേടിച്ച് തുള്ളാൻ തുടങ്ങിയിട്ട് ഒരു മാസത്തോളമായി. ബഹളമുണ്ടാക്കി പരക്കംപായുകയല്ലാതെ രോഗത്തെക്കുറിച്ച് കൃത്യമായ വിവരം നൽകാൻ ആർക്കും കഴിയുന്നില്ല; വൈദ്യശാസ്ത്രജ്ഞന്മാർക്ക് വരെ. ഉത്തരം കിട്ടാത്ത പല ചോദ്യങ്ങളും ഇപ്പോഴും ബാക്കിയാണ്. മെക്സിക്കോയിൽ കടുത്ത പന്നിപ്പനിയുടെ ലക്ഷണങ്ങളാണ് കാണുന്നത്. തൊട്ടടുത്ത അമേരിക്കയിലാവട്ടെ അത്രത്തോളം കടുപ്പമുള്ളതല്ല രോഗലക്ഷണങ്ങൾ. ഇതെന്തുകൊണ്ട്?

മെക്സിക്കോയിലെ വെറാക്രൂസ് സംസ്ഥാനത്താണ് പന്നിപ്പനി ആദ്യം കണ്ടത് എന്നാണ് മീഡിയാ നിഗമനം. എന്നാലിത് ശുദ്ധകളവാണെന്ന് മെക്സിക്കൻ ആരോഗ്യമന്ത്രി ജോസ് ഏഞ്ചൽ കൊർഡോവ തറപ്പിച്ച് പറയുന്നു. ചില തൽപ്പരകക്ഷികൾ ബോധപൂർവം ഭീതിപരത്തുകയല്ലേ എന്ന സംശയവും ഉയർന്നിട്ടുണ്ട്. സാമ്പത്തിക രംഗത്ത് ഇതിന്റെ പ്രതിഫലനങ്ങൾ കണ്ടു തുടങ്ങി. പെട്രോളിന് നേരിയ തോതിലാണെങ്കിലും വിലകുറഞ്ഞു. ഹോങ്കോങ്ങിലെ പ്രമുഖ ധനകാര്യ വിദഗ്ധൻ ഡാനിയൽ ചാനിന്റെ അഭിപ്രായത്തിൽ, മാന്ദ്യച്ചുഴിയിൽ പെട്ട ലോകസമ്പദ്ഘടനയുടെ പ്രതിസന്ധി ഇത് രൂക്ഷമാക്കും.

പന്നി അശുദ്ധമാണെന്നും അതിന്റെ മാംസം ഭക്ഷിക്കരുതെന്നും ബൈബിളിൽ പറഞ്ഞിട്ടുണ്ട് (Leviticus 11:7-8). വിശുദ്ധ ഖുർആൻ പന്നിമാംസത്തെ അശുദ്ധം(രിജ്സ്) എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത് (*അൽഅൻആം* 145). പക്ഷേ, ഈ വിലക്ക് മുസ്‌ലിം സമൂഹത്തിലേ ഇപ്പോൾ നിലനിൽക്കുന്നുള്ളൂ. അതുകൊണ്ടാണ് സെന്റേഴ്സ് ഫോർ ഡിസീസ് കൺട്രോൾ ആന്റ് പ്രിവൻഷൻ(CDC), പന്നികൾ പരത്തുന്ന മാരക വിഷാണുക്കൾ മുസ്‌ലിംലോകത്ത് വളരെ അപൂർവമാണെന്നും അത് പന്നിയിറച്ചി നിരോധിച്ചതുകൊണ്ടാണെന്നും വെളിപ്പെടുത്തിയത്.




"പശുക്കളും ആടുകളും കോഴികളുമെല്ലാം മനുഷ്യരിലേക്ക് രോഗം പകരാറുണ്ട്. എന്നാൽ ഇവ ഏതാനും ചില രോഗങ്ങൾ മാത്രമേ പരത്തുന്നുള്ളൂ. പന്നികൾ അങ്ങനെയല്ല. അവ പലതരം രോഗാണുക്കളുടെ വാഹകരാണ്" - കെയ്റോ യൂനിവേഴ്സിറ്റിയിൽ കാലിരോഗ വിദഗ്ധനായ ഡോ. അൻവർ ദർവേഷ് പറയുന്നു. പന്നിയിറച്ചി കഴിച്ചാൽ മാത്രമല്ല രോഗം പകരുക. അവയെ തൊട്ടുതലോടിയാലോ അവയുടെ മൂത്രം കുടിവെള്ളത്തിൽ കലർന്നാലോ പന്നി അവശിഷ്ടങ്ങൾ കലർന്ന പൊടി ശ്വസിച്ചാൽ പോലുമോ രോഗങ്ങൾ പകരാം.

ഇതൊക്കെ അമേരിക്കക്കാർക്ക് നന്നായിട്ടറിയാം. കാരണം പന്നിരോഗത്തിന്റെ കെടുതികൾ ഏറെ അനുഭവിച്ചവരാണ് അവർ. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ അമേരിക്കൻ തെരുവുകളിലെ മാലിന്യങ്ങൾ നീക്കം ചെയ്യാൻ പന്നികളെയാണ് ഉപയോഗിച്ചിരുന്നത്. മാലിന്യങ്ങൾ തിന്ന് തീർക്കാൻ പന്നികളെ കൂട്ടത്തോടെ തെരുവിലേക്ക് തുറന്നു വിടും. ഇതിനായി പ്രത്യേക പന്നി വളർത്തു കേന്ദ്രങ്ങൾ (Piggeries) തന്നെ ഉണ്ടായിരുന്നു. തൊള്ളായിരത്തി അറുപതുകൾ ആയപ്പോഴേക്കും ഇത്തരം പന്നിക്കൂടുകൾ രോഗാണുക്കളുടെ വളർത്തുകേന്ദ്രങ്ങളായി. രോഗം ബാധിച്ച് പന്നികൾ കൂട്ടത്തോടെ ചത്തൊടുങ്ങി. Trichinosis എന്ന പന്നിരോഗം മനുഷ്യരിലേക്കും പടർന്നുപിടിച്ചു. പല നിയന്ത്രണങ്ങളും ഗവൺമെന്റിന് കൊണ്ടുവരേണ്ടിവന്നു.


പക്ഷേ, രോഗ ഭീഷണി ഇപ്പോഴും നിലനിൽക്കുന്നു എന്നാണ് പന്നിപ്പനിയിലൂടെ വെളിപ്പെട്ടത്. എന്നിട്ടും പന്നിയിറച്ചിക്ക് വിലക്കേർപ്പെടുത്താനുള്ള നീക്കങ്ങളൊന്നും എവിടെയുമില്ല. കാരണം അമേരിക്കയുൾപ്പെടെ എല്ലാ പാശ്ചാത്യ രാജ്യങ്ങളിലും ബില്യൻ ഡോളർ ബിസിനസാണ് ഇന്ന് പന്നിയിറച്ചി. അതുകൊണ്ട് പന്നി പരത്തുന്ന രോഗങ്ങളെ മൂടിവെക്കുന്ന പ്രവണതയാണ് പൊതുവെ കാണാറുള്ളത്.

പന്നിജന്യ രോഗങ്ങളെക്കുറിച്ച് അര നൂറ്റാണ്ട് മുമ്പ് അറബ് ലോകത്ത് ചൂടേറിയ ചർച്ചകൾ നടന്നിരുന്നു. പന്നിമാംസം നന്നായി വേവിച്ചാൽ അതിലെ അണുക്കളെല്ലാം ചത്തുപോവില്ലേ, പിന്നെയെന്ത് പ്രശ്നം എന്ന് വാദിച്ചവരോട് അന്ന് ശഹീദ് സയ്യിദ് ഖുത്ബ് (1906-1966) പറഞ്ഞു: "നന്നായി ചൂടാക്കിയാൽ പന്നിയിറച്ചിയിലെ ഇന്ന രോഗാണു ചത്തുപോകും എന്ന് ചിലർ പറയുന്നു. അവരൊന്ന് മനസ്സിലാക്കണം. ഇങ്ങനെയൊരു രോഗത്തെക്കുറിച്ച് അറിയാൻ തന്നെ ലോകം നൂറ്റാണ്ടുകളെടുത്തു. പന്നിയിറച്ചിയിൽ മറ്റു രോഗാണുക്കളൊന്നും ഇല്ലെന്ന് ആർക്ക് ഉറപ്പു പറയാൻ കഴിയും?"

സയ്യിദ് ഖുത്ബിന്റെ പ്രവചനസ്വഭാവമുള്ള ആ വാക്കുകൾ സത്യമായി പുലർന്നുകൊണ്ടിരിക്കുന്നു. ■

മുദ്രകൾ

# പത്തു ബില്യൻ ഡോളർ ആസ്തിയുമായി പുതിയ ഇസ്‌ലാമിക് ബാങ്ക്



ശൈഖ് സ്വാലിഹ് കമാൽ

**ലോകധനികരിൽ** 114-ാം സ്ഥാനത്താണ് സുഊദി വ്യാപാരിയായ ശൈഖ് സ്വാലിഹ് കമാൽ. 5.73 ബില്യൻ ഡോളറിന്റെ ആസ്തി. മധ്യപൗരസ്ത്യം, ആഫ്രിക്ക, തെക്കും വടക്കുമുള്ള അമേരിക്ക എന്നിവിടങ്ങളിലെ ടി.വി ചാനലുകളിലാണ് മുഖ്യ മുതൽമുടക്ക്. സുഊദിയിലെ കൊമേഴ്സ്യൽ ബാങ്കിന്റെ ഉടമയായിരുന്നു. പിന്നെയത് സുഊദി ഗവൺമെന്റ് ഏറ്റെടുത്തു. ഇപ്പോൾ സ്വാലിഹ് കമാൽ പുതിയൊരു സംരംഭത്തിനുള്ള അണിയറ ജോലികളിലാണ്. പത്ത് ബില്യൻ ഡോളർ ആസ്തിയുള്ള ഒരു ഇസ്‌ലാമിക് ബാങ്ക്. മുതൽമുടക്ക് മുഖ്യമായും പ്രതീക്ഷിക്കുന്നത് ഗൾഫിൽനിന്നുതന്നെ.

ഇതു സംബന്ധമായ ജോലികൾ അവസാന ഘട്ടത്തിലാണെന്നും ഈ വർഷം ഒടുവിൽ ബാങ്ക് യാഥാർഥ്യമാവുമെന്നും യൂനിയൻ ഓഫ് അറബ് ബാങ്ക്സിന്റെ ചെയർമാൻ അദ്നാൻ അഹ്മദ് യൂസുഫ് പറഞ്ഞു. "ബാങ്ക് 3.5 ബില്യൻ ഡോളർ സമാഹരിച്ചു കഴിഞ്ഞു. ഇതിൽ ഒരു ബില്യൻ നടത്തിപ്പുകാർ തന്നെയാണ് എടുക്കുന്നത്''- അദ്ദേഹം *റോയിട്ടേഴ്സി*നോട് പറഞ്ഞു. ബാങ്കിന്റെ പേര് ഇനിയും തീരുമാനമായിട്ടില്ല. ■

## *ഹിജാബെ ഇസ്‌ലാമി*

**ഉർദുവിൽ** പുറത്തിറങ്ങുന്ന ഒരു വനിതാ മാസികയുടെ പേരാണിത്. പ്രശസ്ത ഉർദു സാഹിത്യകാരന്മാരായിരുന്ന മാഇൽ ഖൈറാബാദിയുടെയും ഡോ. ഇബ്നു ഫരീദിന്റെയും ഉമ്മു സുഹൈബിന്റെയും പത്രാധിപത്യത്തിലായിരുന്നു മുൻ കാലങ്ങളിൽ ഇത് പുറത്തിറങ്ങിയിരുന്നത്. ഇപ്പോൾ സ്ത്രീകൾ തന്നെയാണ് *ഹിജാബെ ഇസ്‌ലാമി*യുടെ നടത്തിപ്പുകാർ. ഷംഷാദ് ഹുസൈൻ ഫലാഹി മാനേജറും മർയം ജമാൽ അസി. മാനേജറും. ഡോ. ശഹ്നാസ് ബീഗം (ദർഭങ്ക), റദിയ്യ മശ്കൂർ (അമേരിക്ക), നാസിറ ഖാനം (ഹൈദറാബാദ്), മുനീറ ഖാനം (പൂന) എന്നിവരാണ് ഉപദേശക സമിതിയംഗങ്ങൾ.



കുടുംബസംസ്കരണം, ആരോഗ്യം, കരിയർ ഗൈഡൻസ്, സ്വഹാബി വനിതകളുടെ ചരിത്രം, ശാസ്ത്രം തുടങ്ങി ഒട്ടേറെ വിഷയങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കവിതകൾക്കും അനുഭവ വിവരണങ്ങൾക്കും വേണ്ടത്ര സ്ഥലമനുവദിച്ചിരിക്കുന്നു. സൈസ് 1/8. ഒറ്റക്കോപ്പി 15 രൂപ. വാർഷിക വരിസംഖ്യ 150 രൂപ. എഴുത്തുകുത്തുകൾക്കുള്ള വിലാസം:

D-50, Abul Fazl Enclave, Jamia Nagar,
New Delhi- 110025
Email: alhijab2003@yahoo.com

## ഇസ്‌ലാമിനെക്കുറിച്ച് പഠിക്കാൻ ഹിന്ദി വെബ്സൈറ്റ്

**ന്യൂദൽഹി:** ഇസ്‌ലാമിനെക്കുറിച്ച് പഠിക്കാൻ തൽപരരായ ഹിന്ദി വായനക്കാർക്കായി പുതിയ വെബ്സൈറ്റ്. ജമാഅത്തെ ഇസ്‌ലാമി ദൽഹി സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിലാണ് www.islamdharma.org എന്ന വിലാസത്തിൽ പുതിയ വെബ്സൈറ്റ് ആരംഭിച്ചത്. ഇസ്‌ലാം, ഖുർആൻ, ശരീഅത്ത്, ഈമാൻ, ഹദീസ്, മനുഷ്യാവകാശം, മുഹമ്മദ് നബി, സമകാലികം തുടങ്ങി വിവിധ വിഷയങ്ങളിൽ 275 ഓളം പേജുകളിലായി ലളിതമായി സംവിധാനിച്ചതാണ് വെബ്സൈറ്റ്. ഹിന്ദി വായനക്കാർക്കിടയിൽ ഇസ്‌ലാം പഠനത്തിൽ വർധിച്ചുവരുന്ന താൽപര്യം കണക്കിലെടുത്താണ് വെബ്സൈറ്റ് സംവിധാനിച്ചിരിക്കുന്നതെന്ന് ദൽഹി സംസ്ഥാന ജമാഅത്തെ ഇസ്‌ലാമി ദഅ്‌വാ സെക്രട്ടറി സൈനുൽ ആബിദ് മൻസൂരി പറഞ്ഞു. എല്ലാ പ്രാദേശിക ഭാഷകളിലും ഇസ്‌ലാമിനെ പരിചയപ്പെടുത്തുന്ന വെബ്സൈറ്റുകൾ തുടങ്ങാനുള്ള ജമാഅത്തിന്റെ പദ്ധതിയുടെ ഭാഗമാണ് ഹിന്ദി വെബ്സൈറ്റ്. കഴിഞ്ഞ വർഷം ഹിന്ദിയിൽ ഏറ്റവും കൂടുതൽ വിൽപനയായ പുസ്തകങ്ങളിൽ ഖുർആന്റെ ഹിന്ദി പരിഭാഷ മുൻനിരയിലുണ്ടായിരുന്നു. ■

## ഇസ്‌ലാമിക് ബാങ്കിംഗിൽ എം.ബി.എ

**തിരുച്ചിയിലെ** ജമാൽ മുഹമ്മദ് കോളേജ് ഇസ്‌ലാമിക് ബാങ്കിംഗിലും ഫൈനാൻസിലും രണ്ടു വർഷത്തെ എം.ബി.എ കോഴ്സ് ആരംഭിക്കുന്നു. ക്വാലാലംബൂരിലെ Inceif ഗ്ലോബൽ യൂനിവേഴ്സിറ്റിയുമായി സഹകരിച്ചാണ് ഈ സംരംഭം. നാഷ്നൽ അക്രഡിറ്റേഷൻ ആന്റ് അസസ്മെന്റ് കൗൺസിലി(NAAC)ന്റെ എ ഗ്രേഡ് ലഭിച്ചിട്ടുണ്ട് ഈ കോളേജിന്. ഇവിടെ ഗേൾസ് ഹോസ്റ്റൽ പണിയുന്നതിന് ജിദ്ദയിലെ ഇസ്‌ലാമിക് ഡവലപ്മെന്റ് ബാങ്ക് 60 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. ഫോൺ: 0431-2331035, 2331135, 2331235